പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 7967 — 24-07-2012 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ ആശ്രിത നിയമനം

**ചോദ്യം**
ശ്രീ.ജി.എസ് .ജയലാൽ

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വൈദ്യുതി ബോർഡിൽ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുവാനായി എത്ര അപേക്ഷകരാണ് നിലവിലുള്ളത്; | (എ) | 98. |
| (ബി) | പ്രസ്തുത അപേക്ഷകരുടെ പേരും, മേൽവിലാസവും ലഭ്യമാക്കുമോ; ഏതെല്ലാം ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ ആശ്രിതരാണ് അപേക്ഷകൾ നൽകിയിട്ടുള്ളത്; അപേക്ഷ നൽകിയ തീയതി ഉൾപ്പെടെയുള്ള വിശദാംശം നൽകാമോ; | (ബി) | മേൽപ്പറഞ്ഞ എണ്ണത്തിൽ 42 പേർക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനത്തിനായി ബോർഡുത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത തസ്തികയിൽ ഒഴിവുകളില്ലാത്തതിനാൽ നിയമന ഉത്തരവ് നൽകിയിട്ടില്ല.ആയതിന്റെ ബോർഡുത്തരവ് നമ്പർ സഹിതമുള്ള ലിസ്റ്റും, ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയതിൽ നടപടി ക്രമങ്ങൾ പൂർത്തിയാകാനുള്ളവരുടെ വിശദാംശങ്ങൾ അടങ്ങുന്ന ലിസ്റ്റും പ്രത്യേകമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ ഭൂരിഭാഗവും താഴെ തലത്തിൽ ജോലി നോക്കിയിരുന്ന ജീവനക്കാരുടെ ആശ്രിതർ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഏറെ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന വിധവകൾ ഉൾപ്പെടെയുള്ള ആശ്രിതർക്ക് നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. നിലവിൽ ഓഫീസ് അറ്റൻറൻറ് തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും കെയർ ടേക്കർ /കാഷ്വൽ ട്രെയിനികളായി ജോലി ചെയ്യാൻ നിശ്ചിത യോഗ്യതയുള്ള വരിൽ നിന്നും അപേക്ഷ ക്ഷണിച്ച് നിയമന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു പ്രകാരമുണ്ടാകുന്ന ഓഫീസ് അറ്റൻറൻറ് തസ്തികയിലെ ഒഴിവുകളിലേക്ക്, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമന ഉത്തരവ് കാത്തിരിക്കുന്നവരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട് . |
| (ഇ) | ആശ്രിത നിയമനം നടത്തുവാൻ ആവശ്യമായ തസ്തികകൾ നിലവിലില്ലാ എങ്കിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആശ്രിത നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള വർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**